(ബി) പ്രസ്തുത കമ്പനി ഇതിനകം രൂപീകരിച്ചുവോ ; ഇല്ലെങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ ;

(സി) പദ്ധതിക്കായി രൂപീകരിക്കുന്ന പ്രത്യേക കമ്പനിയിൽ ആരെല്ലാമാണ് അംഗങ്ങളെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) പൊതു സ്വകാര്യ പങ്കാളിത്തമുള്ള പ്രത്യേക കമ്പനി വിഴിഞ്ഞം പദ്ധതിയ്ക്കായി രൂപീകരിക്കേണ്ടതില്ല. തെരഞ്ഞെടുത്ത പങ്കാളിക്ക് ലെറ്റർ ഓഫ് അവാർഡ് നൽകുന്നതിനാണ് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷനിൽനിന്നും അനുവാദം വാങ്ങിയിട്ടുള്ളത്. തുറമുഖ പദ്ധതി ആരംഭിക്കുന്നതിന് സർക്കാരും കൺസഷനയറായ അദാനി പോർട്ട്സ് ആൻഡ് സ്പെഷ്യൽ എക്കണോമിക് സോൺ രൂപീകരിക്കാൻ പോകുന്ന സ്പെഷ്യൽ വെഹിക്കിൾ കമ്പനിയും തമ്മിൽ കൺസഷൻ എഗ്രിമെന്റ് ഒപ്പിടേണ്ടതാണ്. കരാർ പ്രകാരമുള്ള പ്രാരംഭ പ്രവർത്തനങ്ങൾ അതിനുശേഷമേ ആരംഭിക്കുവാനാകൂ.

(സി) കരാർ പ്രകാരം സംസ്ഥാന സർക്കാർ തുറമുഖത്തിന്റെ ലൈസൻസറും ലാൻഡ് ലോർഡുമാണ്. അതുകൊണ്ട് പദ്ധതിക്കായി കൺസഷനയർ രൂപീകരിക്കുന്ന സ്പെഷ്യൽ പർപ്പസ് കമ്പനിയിൽ സംസ്ഥാന ഗവൺമെന്റിന് ഓഹരി പങ്കാളിത്തമില്ല. ആയതിനാൽ സർക്കാർ പ്രതിനിധികൾ അംഗങ്ങൾ അല്ല.

തുറമുഖങ്ങൾ ഓൾ വെതർ പോർട്ടായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി

60(5645) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തുറമുഖങ്ങൾ ഓൾ വെതർ പോർട്ടായി വികസിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ;

(സി) ഇതിനായി ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ പ്രവർത്തനസജ്ജമായ ബേപ്പൂർ, അഴീക്കൽ, കൊല്ലം, വിഴിഞ്ഞം എന്നീ തുറമുഖങ്ങൾ എല്ലാംതന്നെ ഓൾ വെതർ പോർട്ടുകളാണ്. കൂടാതെ പൊന്നാനി ഒരു ഓൾ വെതർ പോർട്ടായി വികസിപ്പിക്കുന്നതിനും പദ്ധതിയുണ്ട്.

(ബി) റോഡ്, റെയിൽ മാർഗ്ഗങ്ങളിൽക്കൂടി വരുന്ന ചരക്കുഗതാഗതം തീരദേശ കപ്പൽ ഗതാഗത പദ്ധതിയിലൂടെ തിരിച്ചുവിടുന്നതിന് കേരള തീരങ്ങളിൽ ഓൾ വെതർ പോർട്ടുകൾ അനിവാര്യമാണ്.

(സി) അഴീക്കൽ, കൊല്ലം, ബേപ്പൂർ തുറമുഖങ്ങൾ വികസിപ്പിക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ട്. പൊന്നാനി തുറമുഖത്തിന്റെ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത് മുതൽമുടക്കുന്ന മലബാർ പോർട്ട്സ് ലിമിറ്റഡ് എന്ന കമ്പനിയാണ്. ബേപ്പൂർ, അഴീക്കൽ, കൊല്ലം, വിഴിഞ്ഞം എന്നീ തുറമുഖങ്ങളിൽ ചരക്ക് കയറ്റിറക്കുമതി നടത്തുന്നതിന് ആവശ്യമായ സജ്ജീകരണങ്ങൾ (വാർഫുകൾ, ക്രെയിനുകൾ, ഗോഡൗണുകൾ മറ്റ് അനുബന്ധ സജ്ജീകരണങ്ങൾ ഉടങ്ങിയവ) ഏർപ്പെടുത്തിയിട്ടുണ്ട്. ഏതു കാലാവസ്ഥയിലും ഈ തുറമുഖങ്ങളിൽ കപ്പലുകൾക്കും ബാർജ്ജുകൾക്കും അടുക്കുന്നതിനും ചരക്ക് കയറ്റിറക്കുമതി പ്രവർത്തനം നടത്തുന്നതിനും കഴിയുന്നതാണ്.

വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ

61(5646) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ സ്ഥാപിക്കുന്നതിനായി ദേശീയപാത, റെയിൽലൈൻ എന്നിവ സ്ഥാപിക്കുന്നതിനുവേണ്ടി നീക്കം ചെയ്യപ്പെട്ട ചീനവല, ഊന്നിവല എന്നിവയുടെ ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി നൽകുവാനുള്ള തുക ഇതുവരെ നൽകാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ നഷ്ടപരിഹാരത്തുക ലഭ്യമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടി എന്തെന്നു വ്യക്തമാക്കാമോ ;

(ബി) സർക്കാർ അംഗീകരിച്ചിട്ടുള്ള നഷ്ടപരിഹാര പാക്കേജ് എത്രയെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly